

# ഇല

ദേശബന്ധു
ഹൈസ്കൂൾ, തച്ചമ്പാറ

## ആമുഖം

വായന എന്നാൽ നമ്മുടെ മനസ്സിൽ ആദ്യം വരുന്നത് പുസ്തകങ്ങളാണ്. ഈ യുഗത്തിൽ വായനയിൽ വരുന്ന മാറ്റങ്ങളും വായിക്കേണ്ടതുണ്ട്. ഈ ഡിജിറ്റൽ മാഗസിൻ അതിനൊരു പ്രേരണയാണ് എന്ന് കരുതുന്നു. ഇത് നല്ല രീതിയിൽ പൂർത്തീകരിക്കാൻ സഹായിച്ച എല്ലാ സന്മനസുകളെയും വളരെ സ്നേഹപൂർവ്വം ഓർത്തുകൊണ്ട്.....

ലിറ്റിൽ കൈറ്റ്സ്

ഡി ബി എച്ച് എസ് തച്ചമ്പാറ

ഡി ബി എച് എസ് തച്ചമ്പാറയിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ദീകരിക്കുന്നു. പരിസ്ഥിതി സൗഹൃദപരമായ പുസ്തകപ്രസാധന മേഖലയിൽ ഡിജിറ്റൽ മാഗസീനുകൾക്കുള്ള പങ്കുപോലെതന്നെ മുഴുവൻ കുട്ടികളുടെയും സർഗാത്മകസമായ പങ്കാളിത്തം ഉറപ്പുവരുത്താനും ഇത് സഹായകമാണ്. ഈ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് നിർമ്മിക്കുന്ന ഇല എന്ന ഡിജിറ്റൽ മാഗസിൻ ഈ വിദ്യാലയത്തെ സാങ്കേതിക രംഗത്ത് ഒരുപാടി ഉയർത്താൻ സഹായിക്കും. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവർക്ക് വേണ്ട നിർദേശങ്ങൾ നൽകിയ കൈറ്റ് മാസ്റ്റർക്കും മിസ്ട്രെസ്സിനും അഭിനന്ദനങ്ങൾ.

ഹെഡ് മിസ്ട്രസ്
ഡി ബി എച് എസ് തച്ചമ്പാറ




## ചരിത്രം

പാലക്കാട് നഗരത്തിൽ നിന്നും 30 കി മി അകലെയായി തച്ചമ്പാറ എന്നസ്ഥലത്തായി സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ദേശബന്ധു ഹയർ സെക്കണ്ടറി സ്കൂൾ. ഈ വിദ്യാലയം പാലക്കാട് ജില്ലയിലെ പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ്.

ദേശബന്ധു ഹൈസ്കൂൾ – പേര് കേൾക്കുമ്പോൾ തന്നെ എന്തോ ഒരു പ്രത്യേക അനുഭൂതി, ചരിത്രം ചികയുമ്പോഴാണ് “ദേശബന്ധു' എന്ന പേരിന്റെ വ്യാപ്തി മനസ്സിലാകുന്നത്,

1930–31 കാലഘട്ടം ഇന്നത്തെ തച്ചമ്പാറയല്ല അന്ന്. ജനവാസം കുറഞ്ഞ്, പറങ്കിമാവിൻതോട്ടങ്ങളും കല്ലുവെട്ടു. കുഴികളും നിറഞ്ഞ കുന്നിൻ പ്രദേശം. നട്ടുച്ചക്കു പോലും തനിയെ നടന്നുപോകാൻ ഭയപ്പെട്ടിരുന്നു. എങ്കിലും തച്ചമ്പാറ ചന്ത പിസിയ മായിരുന്നു. 'വണിക്ക'കളുടെ ശ്രദ്ധയിലെങ്കിലും തച്ചമ്പാറയുണ്ട്. ദേശീയ തലത്തിൽ സ്വാതന്ത്ര്യസമരം കൊടുമ്പിരികൊള്ളുന്ന കാലം. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, സുഭാഷ്ചന്ദ്രബോസ്, ദേശബന്ധു സി.ആർ. ദാസ് തുടങ്ങിയ മഹാരഥന്മാരുടെ നേതൃത്വത്തിൽ നിസ്സഹകരണ പ്രസ്ഥാനം, സത്യാഗ്രഹങ്ങൾ... നിവർത്തന പ്രക്ഷോഭം.. എന്നിങ്ങനെ വൈവിദ്ധ്യമാർന്ന സമരമുഖങ്ങൾ. ഇതിന്റെയൊക്കെ അലയടികൾ ഇവിടേയുമുണ്ടായി.

ഇവിടുത്തുകാർക്ക് വിദ്യാഭ്യാസത്തിനായി പാലക്കാട്, ഒറ്റപ്പാലം വരെ പോകേണ്ടിയിരുന്നു അന്ന്. പ്രദേശത്തെ ചുരുക്കം ചില തറവാടുകൾ കേന്ദ്രീകരിച്ച് 'എഴുത്താശാന്മാർ' വന്ന് കുട്ടികളെ അക്ഷരം പഠിപ്പിച്ചിരുന്നു. കുറച്ചുകാലം അങ്ങാടിയിലെ ഒരു പീടിക മുകളിലും പിന്നീട് മുട്ടത്തുപാറക്കു സമീപമായും ഒരു എഴുത്ത് പള്ളിക്കൂടം പ്രവർത്തിക്കുകയുണ്ടായി. യശശ്ശരീരനായ ശ്രീ.ഗോപാലൻ മാസ്റ്ററും, ശ്രീ ചിന്നപ്പണിക്കർ മാസ്റ്ററുമായിരുന്നു അധ്യാപകർ. പ്രാഥമികമായ അക്ഷരജ്ഞാനത്തിനു മാത്രം ഇതുപകരിച്ചു.

ഈ അവസരത്തിലാണ് യശഃശ്ശരീരനായ ശ്രീ ഗോവിന്ദനുണ്ണി പണിക്കരുടെ നേതൃത്വത്തിൽ ഇവിടെ ഒരു വിദ്യാലയം സ്ഥാപിക്കുന്നത്. അഞ്ച് ഏക്കർ ഭൂമിക്ക് കൊല്ലത്തിൽ 5 രൂപ പാട്ടം നൽകിക്കൊണ്ട് (അഞ്ചുരൂപക്ക് അന്നത്തെ മൂല്യം വളരെ വലുതായിരുന്നു) ദേശീയ നേതാക്കളോടുള്ള ആദരവ് നിലനിർത്തി "ദേശബന്ധു ഹയർ എലിമെന്ററി സ്കൂൾ' എന്ന് നാമകരണവും ചെയ്തു. ഇവിടെ രണ്ടു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്ന് സാധാരണക്കാരെ ദേശീയ ധാരയിലേക്ക് ഉയർത്തി ക്കൊണ്ടുവരേണ്ടത് വിദ്യാഭ്യാസം

നൽകിക്കൊണ്ടായിരിക്കണം. അതിനുള്ള സൗകര്യ ങ്ങളുണ്ടാക്കുന്നതുപോലും ദേശ സേവനമാണ് എന്നത്. മറ്റൊന്ന് പേരിൽപ്പോലുമുള്ള ദേശീയ കാഴ്ചപ്പാട് എന്ത് തന്നെയായാലും കരിമ്പ, കാരാകുർശ്ശി, പൊറ്റശ്ശേരി തുടങ്ങിയ പ്രദേശത്തുകാർക്ക് അക്ഷരദീപം പകരാൻ ഈ വിദ്യാലയം തന്നെയായിരുന്നു ഏക ആശ്രയം.

ചുറ്റുപാടുമുള്ളവർക്ക് എത്തിപ്പെടാൻ അനുയോജ്യമായ സ്ഥലം. തച്ചമ്പാറയുടെ ഹൃദയഭാഗത്ത് ഏവരുടേയും കൂട്ടായ്മയിലൂടെ ഒരു "പട്ടസ്കൂൾ' (ഓലക്കെട്ടിടം) പ്രവർത്തനമാരംഭിച്ചു. യശ്ശഃശ്ശരീരനായ ശ്രീ. നാരായണപണിക്കർ മാസ്റ്ററായിരുന്നു ആദ്യത്തെ പ്രധാനാധ്യാപകൻ. മറ്റദ്ധ്യാപകർ സ്ഥലത്തെ അറിയപ്പെടുന്ന തറവാടുകളിലെ ശ്രേഷ്ഠർ. സ്കൂളിലെ ഓരോ കുട്ടിയുടേയും പശ്ചാത്തലം നന്നായി അറിയുന്നവർ. ബാലാരിഷ്ടതകളിലൂടെ വിദ്യാലയം 25 വർഷം പിന്നിട്ടു. 1956ൽ ഉറൂബ്, ഒളപ്പമണ്ണ തുടങ്ങിയ സാഹിത്യകാരന്മാരുടെ സാന്നിദ്ധ്യത്തിൽ ജൂബിലിയുമാഘോഷിച്ചു. അന്ന്, ഈ പ്രദേശം മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. തറവാട്ടിലെ ഒരു

ചടങ്ങിൽ പങ്കെടുക്കനായി പി.ടി. ഭാസ്കരപണിക്കർ തച്ചമ്പാറിയിലെത്തിയപ്പോൾ ഇവിടെ ഒരു ഹൈസ്കൂൾ സ്ഥാപിച്ചുകൂടേ എന്ന് അവിടെ കൂടിയവരോട് ചോദിച്ചു. നീലഗിരി ഡിസ്ട്രിക്ട് ബോർഡ് ചെയർമാനും എ.ഐ.സി.സി. അംഗവുമായിരുന്ന ശ്രീ. കെ. ഗോപാലകൃഷ്ണൻ നായരും അവിടെ സന്നിഹിതനായിരുന്നു. ഈ ചോദ്യം ഗോപാല കൃഷ്ണൻ നായർക്ക് ഒരു ഹൈസ്കൂൾ സ്ഥാപിക്കാൻ പ്രചോദനം നൽകി. ടി. ഗോവിന്ദനുണ്ണി പണിക്കരാവട്ടെ ഹൈസ്കൂളിനാവശ്യമായ സ്ഥലം "ദാനത്തീരായി ' നൽകുകയും ചെയ്തു. അങ്ങനെ 1957 ജൂൺ 3ന് ദേശബന്ധു ഹയർ എലി മെന്ററി സ്കൂൾ ദേശബന്ധു

ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തു. തുടക്കത്തിൽ എട്ടാം ക്ലാസ്സും പിന്നീട് 9, 10 ക്ലാസ്സുകളും അനുവദിച്ചുകിട്ടി. 257 കുട്ടികളും 14 അധ്യാപകരും 3 അനധ്യാപകരും മാണ് ആദ്യമവിടെ ഉണ്ടായിരുന്നത്. 1960ൽ ആദ്യ എസ്.എസ്.എൽ. സി. ബാച്ച് പുറത്തിറങ്ങി. 90% വിജയത്തോടെ. 1 മുതൽ 4 വരെ ക്ലാസ്സ കൾ ദേശബന്ധു ലോവർ പ്രൈമറി എന്ന പേരിൽ ഗോവിന്ദനുണ്ണി പണിക്കരുടെ ഉടമസ്ഥതയിലും 5 മുതൽ 10 വരെ ക്ലാസ്സുകൾ ദേശ ബന്ധു ഹൈസ്ക്കൂൾ എന്ന പേരിൽ ശ്രീ. ഗോപാലകൃഷ്ണൻ നായ രുടെ ഉട മ സ്ഥ ത യിലും പ്രവർത്തിച്ചു വന്നു. യശ്ശശ്ശരീര നായ ശ്രീ നാരായണമേനോൻ മാസ്റ്റർ എൽ.പിയിലും ശ്രീ രാഘവ് വാര്യർ മാസ്റ്റർ എച്ച് .എസിലും പ്രധാനാധ്യാപകരായി. പിന്നീട് വി.ജി. സുകുമാരൻ മാസ്റ്റർ ശ്രീമ തി. പി. സുലോചന ടീച്ചർ, കെ. ബാലകൃഷ്ണൻ മാസ്റ്റർ,ശ്രീ. ടി. ഹരിദാസൻ മാസ്റ്റർ, ശ്രീ തോമസ് ജേക്കബ് മാസ്റ്റർ, ശ്രീ.എം.എൻ. രാമകൃഷ്ണപ്പിള്ള മാസ്റ്റർ എന്നിവ രുടെ സാരഥ്യത്തിൽ സ്ഥാപനം വളർന്ന് പന്തലിച്ചു. ശ്രീമതി. സി. നളിനി ടീച്ചർ ഇപ്പോൾ ഹെഡ്മി സ്സ്സ് പദവി അലങ്കരിക്കുന്നു. – 1974ൽ ശ്രീ. ഗോപാലകൃ ഷ്ണൻ നായരിൽ നിന്നും യശ്ശഃശ്ശേ രീരനായ ശ്രീമതി. കുഞ്ചുക്കുട്ടി കോൽപ്പാട് സ്ഥാപനം ഏറ്റെടു ത്തു. അക്കാലത്ത് വേണ്ടത്ര ക്ലാസ്സ് റൂം ഇല്ലാത്തതിനാൽ "ഷിഫ്റ്റ" സമ്പ്രദായമാരുന്നു. പുതിയ മാനേ ജ്മെന്റ് കെട്ടിടങ്ങൾ ഉണ്ടാക്കു കയും 75–76 വർഷത്തിൽ സെഷ ണൽ സമ്പ്രദായം അവസനിപ്പി ക്കുകയും ചെയ്തു. 1982ൽ ശ്രീമ തി. കുഞ്ചുക്കുട്ടി കോൽപ്പാടിന്റെ നിര്യാണത്തെ തുടർന്ന് അവരുടെ മകൻ ശ്രീ ഭാസ്കരൻ തിരുമുൽപ്പാട് മാനേജരായി ചുമതലയേറ്റു. തികഞ്ഞ സാത്വികനായ അദ്ദേഹം കാലത്തിനനുസരിച്ചുള്ള പരിഷ്ക്കാരങ്ങളോടെ പുതിയ പുതിയ സൗകര്യങ്ങൾ ഏർപ്പെടുത്തി സ്ഥാപനത്തെ മുന്നോട്ട് നയിക്കുന്നു.

ആരംഭത്തിൽ എസ്. എസ്. എൽ.സി പരീക്ഷ എഴുതുന്ന കുട്ടികളുടെ എണ്ണം വളരെ കുറവായിരുന്നു. വിജയശതമാനം ഉയർന്നതുമായിരുന്നു. ഇട യ്ക്കുവെച്ച് റിസൾട്ടിൽ അൽപ്പം ഇടിവുണ്ടായെ – ങ്കിലും 1990കൾക്ക് ശേഷം അക്കാദമിക് രംഗത്ത് അസൂയാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 500ൽ പരം വിദ്യാർത്ഥികൾ പരീക്ഷ എഴുതിയിട്ടും 80%ൽ കൂടുതൽ വിജയം നിയനിർത്താൻ കഴിയുന്നുണ്ട്. | 2007 മാർച്ചിൽ 95%മായിരുന്നു റിസൾട്ട്. 1992 മുതൽ ആരംഭിച്ച "വിജ്ഞാന കേന്ദ്രം' പ്രവർത്തനങ്ങളും പിന്നീട് നാളിതുവരെയുള്ള ചിട്ടയായ പ്രവർത്തന ങ്ങളും ഇന്ന് ഈ വിദ്യാലയത്തെ ജില്ലയിൽ തന്നെ മുൻപന്തിയിലെത്തിച്ചിരിക്കുന്നു. 1984ൽ അന്നത്തെ ഗവർണർ ശ്രീ. പി. രാമചന്ദ്രൻ പങ്കെടുത്തുകൊണ്ട് ആഘോഷിച്ച സിൽവർ ജൂബിലിയും 2002ൽ അന്നത്തെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. എം.എൻ. രാമ കൃഷ്ണപ്പിള്ള മാസ്റ്റർക്ക് സംസ്ഥാന അധ്യാപക അവാർഡ് ലഭിച്ചതുമൊക്കെ സ്ഥാപനത്തിന്റെ ചരിത ത്തിലെ നാഴികകല്ലുകളാണ്.

ഇന്ന് 78 ഡിവിഷനുകളിലായി 3375 കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിലേക്ക് പ്രദേശത്തിന്റെ ഇതര മേഖലകളിൽ നിന്നും ധാരാളം കുട്ടികൾ എത്തുന്നുണ്ട്. കാലഘട്ടത്തിന് അനുസൃതമായ നല്ല കമ്പ്യൂട്ടർ ലാബും സയൻസ് ലാബും ലൈബ്രറിയും ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളും, യാത്രാസൗകര്യത്തി നായി 5 ബസ്സുകളുമൊക്കെയുള്ളത് കുട്ടികൾക്ക് വളരെ പ്രയോജനപ്രദമാണ്. പാഠ്യേതര പ്രവർത്തനങ്ങളിലുള്ള മുന്നേറ്റവും ശ്രദ്ധേയമാണ്. ആധുനീക രീതിയിൽ സജ്ജീകരിച്ച മനോഹരമായ ഊട്ടുപുരയും ഈ വിദ്യാലയത്തിലുണ്ട്.

കാലം മാറി, സാഹചര്യങ്ങളും മാറി. രക്ഷിതാക്കളിൽ ഭൂരിഭാഗവും വിദ്യാസമ്പന്നരാണ്. അവർ തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ കാര്യത്തിൽ അതീവതാൽപ്പര്യം പ്രകടിപ്പിക്കുന്നുണ്ട്. എല്ലാ കാര്യങ്ങളിലും ശ്രദ്ധചെലുത്തുന്ന ഹെഡ്മാസ്റ്റർ , കർമ്മോത്സുകരായ അധ്യാപകർ, ശക്തമായ മാനേജ്മെന്റ്, സജീവമായ പി.ടി.എ. ഇതെല്ലാം ഈ സ്ഥാപനത്തിന് ഇനിയും ഉയരാനുള്ള അനുകൂല സാഹചര്യങ്ങളാണ്. സമൂഹം ആഗ്രഹിക്കുന്ന തരത്തിലുള്ള സേവനം ഇവിടെ നിന്നും വരും തലമുറക്ക് ലഭിക്കുകതന്നെ ചെയ്യും.

# മോക്ഷം

ഹരിത ശോഭയാർന്ന താമരയിലകുമ്പിളിലെ ജലകണം. ഇലയോടു താദാത്മ്യം പ്രാപിക്കാതെ അവതീർണനെന്ന ചിന്തയോടെ മാരുതൻ്റെ വാക്കിനൊത്ത് ഒഴുകി നടന്നു.
പ്രഭാത സൂര്യന്റെ കിരണങ്ങൾ അവൻ്റെ ചില്ലു ശരീരത്തിൽ പ്രതിബിംബിച്ച് ഇലകുമ്പിൽ ശോഭിതമായി. ഇതിനത്രെയും കാരണഭൂതനായവൻ താനെന്ന ഗർവ്വോടെ ഇടം നല്കിയ പത്രപൂടത്തെ പരിപൂർണമായി അവഗണിച്ച് ആ ജലകണം ഇളകി ഇരുന്നു. തനിക്കു താഴെ ജലാശയത്തിലെ എണ്ണപ്പെടാത്ത നീർതുള്ളികളോട് സഹതാപം രേഖപ്പെടുത്താനും അവൻ മറന്നില്ല. എന്നാൽ 'കാലം' എന്നു നാമകരണം ചെയ്യപ്പെട്ട വികൃതി ചെറുക്കന്റെ പുറംകാലുകൊണ്ടുള്ള താഡനം ഏറ്റ് അന്തരീക്ഷത്തിലേക്ക് തെറിച്ചപ്പോൾ ഭയം കൊണ്ട് ആ ജലകണം ചുരുണ്ട് ഗോളാകൃതിയിലായിരുന്നു.
അവന്റെ ചില്ലു ശരീരത്തിൽ അപ്പോൾ പ്രതിഫലിച്ചത് ആ ചെറുക്കന്റെ ചിരിക്കുന്ന മുഖവും കൂർത്ത പല്ലുകളുമായിരുന്നു.ജലാശയത്തിൽ നിന്ന് അകന്ന് വരണ്ട വെള്ളാരം കല്ലുകൾക്കിടയിൽ ബോധരഹിതനായി അവൻ കിടന്നു.

അസഹ്യമായവേദന സ്വബോധത്തെ ഉണർത്തിയപ്പോൾ ധൂളികളാൽ വികൃതമാക്കപ്പെട്ട ശരീരവും ഇഴച്ചുകൊണ്ട് പൂർവ്വവാസ സ്ഥലത്തിലേക്ക് എത്താൻ ശ്രമം നടത്തി.വിഫലശ്രമങ്ങളുടെ എണ്ണം വർദ്ധിച്ചപ്പോൾ ഈശ്വര ചിന്ത ഉണ്ടായി. താപദായകന്റെ കരുണ ഉണ്ടാകാനും ഉടലോടുകൂടി ബ്രഹ്മത്തിൽ ലയിക്കാനും പ്രാർത്ഥിച്ചു. പക്ഷേ മറ്റ് ദൈവങ്ങളുടെ മുഖം ഇരുണ്ടപ്പോൾ വർഷം ഭൂമിയിലേക്ക് പെയ്തിറങ്ങി. ഒഴുകുന്ന വെള്ളത്തിനൊപ്പം ജലാശയത്തിലെങ്കിലും എത്തിച്ചേരാൻ കഴിയുമെന്ന് അവൻ ആശിച്ചു. വീണ്ടും മനുഷ്യനിർമ്മിതമായ ചുറ്റമതിൽ ആഗ്രഹങ്ങൾക്ക് വിഘാതം സൃഷ്ടിച്ചു. ജലത്തിന്റെ ഗതി അനുസരിച്ച് സമീപത്തുള്ള അഴുക്കുചാലിലേക്ക് ഒഴുകി

അകലുമ്പോൾ ഉറക്കെ കരയുകയും എതിരെ തുഴയാൻ ശ്രമിക്കുകയും ചെയ്തു. മാലിന്യ വാഹിനിയായ ഓടയിലൂടെ അപരിചിതരായ മഴതുള്ളികളുടെ ഇടയിൽ ശ്വാസം മുട്ടി എങ്ങോട്ടെന്നറിയാതെ യാത്ര ചെയ്തു. വഴിയിൽ, പുഴുത്ത് ചത്ത പട്ടിയുടെ കടവായിലൂടെ കയറി രൂക്ഷ ഗന്ധവും ഏറ്റു വാങ്ങി പുറത്തെത്തിയപ്പോൾ സഹയാത്രികർ അവനെ 'വിസർജ്ജ്യ വസ്തു' എന്ന് അഭിസംബോധന ചെയ്ത് വേറിട്ട് നിർത്തി.സ്വയം പഴിച്ച് മടുത്തപ്പോൾ ആശ ചത്ത് നിർവ്വികാരനായി അവൻ ഒഴുക്കിനൊത്ത് കിടന്നു.
ഒടുവിൽ ഉപ്പ് കയ്ക്കുന്ന മഹാസമുദ്രത്തിൽ വീണ് ശരീരം നീറിയപ്പോൾ വവ സ്മരണകൾക്ക് തേങ്ങലുകൾ കൂട്ടായ
ലമായ ജലാശയത്തിലെ പത്മപത്രപുടത്തിലെ ആ ജലകണം അനന്തതയിലേക്ക് നോക്കി മോക്ഷവും കാത്തു കിടന്നു.

. . . . . . . . . . . . . . . . .



സന്തോഷ്കുമാർ പി ജി
ഡി ബി എച് എസ് തച്ചമ്പാറ

# യക്ഷികളുടെ ഉപദേശം

രാമേട്ടൻ വാങ്ങി രണ്ടു തൈകൾ
രണ്ടും കരുത്താർന്ന കുരുമുളക്
രണ്ടിനേം നട്ടു നല്ല മണ്ണിൽ
രണ്ടും ചിരിച്ചുല്ലസിച്ചു
അന്തിക്കൊരു കുടം വെള്ളം ഒഴിച്ചു
അത്തം നാളിൽ വളവും ഇട്ടു
പേരിട്ടു രണ്ടിനും ശ്രുതിയും ലതയും
പേരക്കുട്ടികളെപ്പോലെ ലാളിച്ചു
മെല്ലെ വളർന്നു തണ്ടും ഇലകളും
മേൽപോട്ട് പോകുവാൻ എന്നവണ്ണം
നാട്ടീ രാമേട്ടൻ മുരിക്കിൻ കാലുകൾ
നാരുകളാൽ ബന്ധിച്ചു രണ്ടിനേം
അള്ളിപ്പിടിച്ചു ശ്രുതിയും ലതയും
അല്ലൽ അറിയിക്കാതെ രാമേട്ടനും
അയൽപക്ക സസ്യങ്ങൾ അന്തംവിട്ടു
അസൂയയാൽ രണ്ടിൻ്റേയും വളർച്ചയിൽ
മുള്ളു മുരുക്കിൽ കയറ്റിയതും
മൂപ്പുള്ള വെയിലത്ത് നട്ടതും
നിങ്ങളെ ദ്രോഹിക്കുവാൻ ആണെന്ന്
നിലാവിലും ഉപദേശിച്ചു ദ്രോഹികൾ
പുച്ഛിച്ചു തള്ളി ശ്രുതി ഉപദേശത്തെ
പൂക്കുറ്റി പോലെ വളർന്നു മേൽപോട്ട്
പുത്തൻമഴക്കാലം അവളിലേകി
പൂക്കുല പോലെ തിരികൾ
മണ്ടിയാം ലത കൈവിട്ടു മുരിക്കിനെ
മണ്ണിലൂടെ നീങ്ങി ഉപദേശത്താൽ
മുൾച്ചെടികൾ പൊതിഞ്ഞു മേനിയിൽ
മുള്ളൻപന്നികൾ മൂത്രം ഒഴിച്ചു
സർപ്പങ്ങൾ ഇഴഞ്ഞ മേനിയിൽ
സരയൂ നദിപോൽ ചെളിവെള്ളവും
ഋതുമതി ആകേണ്ട പെണ്ണിൻ്റെ ജീവിതം
ഋതുക്കളില്ലാതെ ഞെരിഞ്ഞടങ്ങി
രാമേട്ടൻ വാങ്ങി വീണ്ടുംതൈകളെ
രാവിലെ നേരം കാണിച്ചവരെ
ലാളിച്ചു വളർത്തിയ ശ്രുതിയേം ലതയേം
ലാളനയോടെ ഒരു ചോദ്യവും ബാക്കി
ആവണം നിങ്ങൾക്ക്
ആരെപ്പോലെ ശ്രുതിയോ ലതയോ ........

# കാത്തിരിപ്പ്.....

ചിലപ്പോൾ : ചിലതൊക്കെ ഒരു കാത്തിരിപ്പാണ്... എന്തിനോ വേണ്ടിയുള്ള കാത്തിരിപ്പ്... നാളെ എല്ലാം ശുദ്ധമാകുമെന്നുള്ള കാത്തിരിപ്പ്.. ആഗ്രഹിയതെല്ലാം. തേടിയെത്തുമെന്നുള്ള കാത്തിരിപ്പ്...

ചിലപ്പോൾ : ചില നിമിഷങ്ങളിൽ ഒരു കോമാളിയാവാം... ഹൃദയം കലങ്ങിയ പുഞ്ചിരി മറ്റുള്ളവർക്ക് സന്തോഷമാവുമെങ്കിൽ....

ചിലപ്പോൾ : ചിലനേരത്തെ ചിന്തകളെല്ലാം ശൂന്യമാണ്... പാഴ്ചിന്തകൾ കതിരുകൾക്കിടയിലെ കളകൾ ... വളരാൻ നിനക്ക് കരുത്തുണ്ടെങ്കിൽ കളയുടെ വളവും നിനക്ക് തന്നെ...

ചിലപ്പോൾ : ചിലതൊക്കെ ഒരു ഭാഗ്യമാണ്... നിനച്ചിരിക്കാതെ കിട്ടുന്ന ഭാഗ്യം....

# മാറുന്ന ഗ്രാമം

മലകളും പുഴകളും
പാടങ്ങളും വൃക്ഷങ്ങളും
ചിരിച്ചു  നിന്നൊരു ഗ്രാമത്തിൽ
കാളവണ്ടിയും കുതിരവണ്ടിയും
മാറിക്കഴിഞ്ഞു കൂട്ടുകാരെ
കിളികളുടെ ഗാനത്തിൽ
പുളകമണിഞ്ഞിരുന്ന ഈ
സുന്ദര ഗ്രാമത്തിൽ
യന്ത്രങ്ങരക്കവും ശകാരവങ്ങളും
കേട്ടുമടുക്കുന്നു ഞങ്ങളിപ്പോൾ
പാടങ്ങള പ്രത്യക്ഷമായി
വൃക്ഷങ്ങളും കാണാനില്ലല്ലോ
സുന്ദരശൈലങ്ങളുടേ സ്ഥാനത്തിൽ
കൂറ്റൻ കെട്ടിടങ്ങൾ മാത്രമാണ്
വയലുകളും പുഴകളും
ചിരിച്ചാർത്തുനിന്നൊരു ഗ്രാമത്തേ
നശിപ്പിക്കാനെത്തിയ വികസനത്തെ
നിങ്ങളൊന്ന്  സൂക്ഷിച്ചോളൂ......

# <u>അമ്മ</u>

പുഞ്ചിരി തൂകുന്ന മനസ്സുമായമ്മ
നെഞ്ചിലെ ദുഃഖം മനസ്സിലൊളിപ്പിച്ച്
എന്നും തണലായ് പൊന്നമ്മ
മുറ്റത്തെ മുല്ലയെ കാണാനേറെ
കൊതിക്കുമെന്നമ്മയെക്കാണാൻ
വീട്ടിലെ വിളക്കായ്
തിളങ്ങുമെന്നമ്മ
ജീവിത സൗഭാഗ്യമമ്മ
എന്റെ പ്രാണനായെന്നും അമ്മ
ജന്മം തന്നിടുമമ്മയെൻ
ദൈവം



# ഓർമ്മകൾക്കെന്തു സുഗന്ധം

അമ്പലമുറ്റത്തു
വച്ചൊരുനാൾ
എൻകളിത്തോഴിയെ
കണ്ടുമുട്ടി.
മാറാലമൂടിയ
സ്മൃതിയുടെ ഭണ്ഡാരം
ഞങ്ങളൊരുമിച്ചു
തുറന്നു മെല്ലെ.
ഓർമ്മകളൊരു
ചിത്ര പതംഗമായ്
ഭൂതകാലത്തിലേയ്ക്കു
പറന്നിറങ്ങി.
പൊന്നോണനാളിൽ
പൂക്കൾ പറിച്ചതും,
മുറ്റത്തു ഭംഗിയിൽ
പൂക്കളം തീർത്തതും,
തൊടിയിലെ
പുളിമരക്കൊമ്പിലിരുന്ന്
പൊന്നൂഞ്ഞാൽ
കെട്ടിയാടിയതും,
കണ്ണൻചിരട്ടയിൽ
മണ്ണപ്പം ചുട്ടതും
കൂട്ടുകാർക്കൊക്കെ
വിളമ്പിയതും.
സ്മരണതൻ താളുകൾ
ഇനിയുമേറെ
ഭദ്രമായ് തന്നെ-
യുണ്ടെൻ മനസ്സിൽ.
മനസ്സിലെ ചിരകാല-
സ്മരണകൾ ഇന്നും
ഓർക്കുമ്പോൾ
എന്തു സുഗന്ധം.....

സംവൃത.പി.എം
10-A

# Drugs...

When it encircle us
When we fall on its trap
We made our step up
To  pull us down

It makes us lazy
It makes us crazy
It makes us weak
It makes our life worst

It grabs our happiness
It grabs our peace
It grabs our health
It grabs our wealth

It overpower our mind
It command our brain
It snatches our pride
It snatches our soul

Drugs...
It's not a relief
It's not a medicine
It's a devil
It's a curse

Don't be a fool
Don't take drugs
Don't be a fool
Don't take drugs

## നിനക്കായ്

കാലമാ ചില്ലയിൽ ക്രൂടുക്രൂട്ടി -
എന്റെ എരിയും ചിതയിലെ ചുള്ളിയാലെ -
കാലമവർക്കതൊരുക്കിവെച്ചു -
കാറ്റിൻ ചിറകും പുനർജ്ജനിച്ചു -
കടലമ്മ എൻ വാക്കു കേട്ടതില്ല -
തീരങ്ങൾ പോലുമ
തോർത്തതില്ല -
ആഞ്ഞടിച്ചൊന്നായ് പുതച്ചു എൻ -
വാക്കുകളിലായിരം കല്ലേറ് പെയ്തിറങ്ങി -
ചില്ലയിൽ നിന്നും കൊഴിഞ്ഞു വീണു -
എന്റെ ജീവന്റെ താളുകൾ ഓരോന്നുമായ് -
അന്നു ഞാനെത്തി വിജനമാം ലോകത്ത് -
ക്രൂട്ടിനായ് മിന്നാമിനുങ്ങിൻ ക്രൂട്ടം -
പാതി വെട്ടത്തിന്നായ് നീട്ടി ഞാനെന്റെ കൈ -
പാതയോരങ്ങളിൽ പാതിയായി -
പാറാവു നിൽക്കുവാൻ പാതിരാ വെട്ടത്തിൽ -
പാഞ്ഞെത്തി വെള്ളി രഥത്തിലായി -
ആർദ്രമീ ഭൂമിയിൽ നിൻ നറു സ്പർശത്താൽ -
തീർക്കു നിൻ നൊമ്പരം തീരാ തുള്ളിയായ് -

ഹിറാ ഫാത്തിമ പി

# വിധി

ഒട്ടവയറുമായ് ഒട്ടുദൂരം
അലഞ്ഞൊട്ടുവിൽ എത്തിപ്പെ–
ട്ടത് ഒറ്റയടിപ്പാത്തായാം തെരുവുവീഥിയിൽ....
അന്നതിനായ് എരിയുന്ന ഉദരം
നിറക്കാൻ പൊട്ടിയ ഓട്ടുപാത്രവുമായിരുന്നവൻ
ഓടവരമ്പത്ത്....
വറ്റിവരണ്ട തൻ തൊണ്ട –
ക്കുഴിയിൽ ഒരു തുള്ളി
ശമനത്തിനായ്
തേടിയവൻ ഓരോ കണ്ണിലും....
ആർത്തുവിളിക്കും അന്യർക്കി–
ടയിൽ കണ്ടു അവനാമൂട്ടുപടം
ധരിച്ച് മുഖം മറച്ച് നടന്നവരെ....
ചേതനയറ്റ് കിടക്കും മണ്ണിനെ
നോക്കിയിരിപ്പാം മാനത്തെ നോക്കിയോർത്തവൻ
എന്തെ എനിക്കിങ്ങനൊരു വിധി....?

ഫാത്തിമ സിയാന എം

# നിശയെ തഴുകുന്ന സന്ധ്യ

ദൂരെ പടിഞ്ഞാറു ചക്രവാളത്തിലായ്
സായാഹ്നത്തിൻ
തിരശീല വീണു.
ആകാശഗോപുര-
മേലാപ്പിലാകെ
താരകക്കുഞ്ഞുങ്ങൾ
മിഴിതുറന്നു.
നിശയിൽ പൂത്ത
സുഗന്ധം പരത്തുവാൻ
പാലപ്പൂക്കളും കാത്തിരുന്നു.
അകലെയെങ്ങോ
നിന്നൊരു രാക്കിളി
ഈണത്തിൽ
ഒരു ഗാനം പാടിടുന്നു.
സന്ധ്യതൻ
ആകാശത്തകലെ
പൗർണ്ണമിപ്പൊൻ-
നിലാവുയർന്നിടുന്നു.
അന്തിക്കാവിലെ
ശ്രീലകത്തിൽ നിന്നും
തൊഴുതുമടങ്ങുന്നു വെൺമുകിലും .

